സർക്കാർ ജീവനക്കാരുടെ ബോണസ്

35. [53] [ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കൊല്ലം സർക്കാർ ജീവനക്കാർക്ക് ബോണസ് നൽകിയ വകയിൽ ആകെ എന്തു തുക ചെലവായി ;

(ബി) കഴിഞ്ഞ വർഷം ചെലവായ തുക എത്ര ?

ഉത്തരം

(എ) ഈ കൊല്ലം സർക്കാർ ജീവനക്കാർക്ക് ബോണസ് നൽകുന്ന വകയിൽ ഉദ്ദേശം 40 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കഴിഞ്ഞവർഷം ഈ ഇനത്തിൽ 17 കോടി രൂപ ചെലവായതായി കണക്കാക്കുന്നു.

മന്ത്രിമാരുടെ ശമ്പളവും യാത്രാബത്തയും

36 [54] ശ്രീ. ലോനപ്പൻ നമ്പാടൻ :
,, എ. കെ. പത്മനാഭൻ :
,, കെ. മൂസ്സക്കുട്ടി :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം 30-9-1986 വരെ ഓരോ മന്ത്രിമാർക്കും ശമ്പളം, ടി. എ, ഡി. എ, വിമാനയാത്രക്കൂലി തുടങ്ങിയ ഇനത്തിലും മെഡിക്കൽ ബെനിഫിറ്റ് ആനുകൂല്യത്തിനുമായി ചെലവായ സംഖ്യ എത്രവീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ വിമാനയാത്രക്കായി മാത്രം ചെലവായ സംഖ്യ എത്രയാണ് ;

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 1986 മാർച്ചുവരെ അവതരിപ്പിച്ച് പാസാക്കിയ ബഡ്ജറ്റിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക എത്രവീതമായിരുന്നു ;

(ഡി) ചെലവായത് എത്ര ?

ഉത്തരം

(എ, ബി) ചോദ്യങ്ങൾക്കുള്ള ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

	വർഷം	ശമ്പളം, മെഡിക്കൽ ബെനിഫിറ്റ്	ടി.എ/ ഡി. എ. വിമാനയാത്ര കൂലി
	1982-83	4,75 000	9,00,000
	1983-84	6,80,000	14,00,000
	1984-85	7,03,000	19,00,000
	1985-86	8,01,000	20,00,000
	1986-87	8,35,000	21,00,000
(ഡി)	1982-83	4,84,395	8,99,825
	1983-84	6,98,171	13,99,836
	1984-85	7,28,153	18,95,614
	1985-86	7,79,756	19,99,990
	1986-87	3,56,200	10,15,178

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly